**സ്വർഗ്ഗവും നരകവും**

സ്വർഗ്ഗത്തെക്കുറിച്ചും നരകത്തെക്കുറിച്ചും പലവിധത്തിലുള്ള ധാരണകളാണ് സാധാരണക്കാർക്കുള്ളത്. ഓരോ സംസ്ക്കാരങ്ങളിലും ഇതിനെക്കുറിച്ചു വിവിധ കാഴ്ചപ്പാടുകളുണ്ടായിരുന്നിട്ടുണ്ട്; ക്രിസ്തീയ വിശ്വാസത്തിന് ഏക ആധാരം സ്ത്യ വേദപുസ്തകമാണ്; കെട്ടുകഥകളല്ല. എന്നാൽ നൂറ്റണ്ടുകളിൽക്കൂടി കടന്നുവന്ന ക്രിസ്തീയ വിശ്വാസത്തെ ഇത്തരം അബദ്ധ ധാരണകൾ സ്വാധീനിച്ചിട്ടുണ്ട്. യഥാർത്ഥ ദൈവ വചനമായ ബൈബിളിൽ ഈ വിഷയം സംബന്ധിച്ചുള്ള ശരിയായ ഉപദേശം എന്താണെന്നു പരിശോധിക്കുകയാണ് ഈ ചെറുപുസ്തകത്തിലൂടെ ബ്രദർ ഡഡ്ലി ചെയ്യുന്നത്

വിവർത്തകൻ,
**മാത്യുസ് പള്ളിവാതുക്കൽ,**
**ഡോറിയാ ഹോം,**
**മൊയ്നാബാദ്**

**Local Address**

↓

# സ്വർഗ്ഗവും

# നരകവും

**(ഇതെക്കുറിച്ച് ബൈബിൾ എന്തു പഠിപ്പിക്കുന്നു?)**

**ഡഡ്ലി ഫൈഫീൽഡ്**
**Dudley Fifield**

# Heaven and Hell

WHAT DOES THE BIBLE TEACH?

**Dudley Fifield**

## A

## Christadelphian

## Publication

*Printed at*
**Printland Publishers**
Hyderabad 500 001

**The Christadelphians**
GPO. Box 159
Hyderabad. AP., 500 001
India.

# സ്വർഗ്ഗവും നരകവും

## (ഇതെക്കുറിച്ച് ബൈബിൾ എന്തു പഠിപ്പിക്കുന്നു?)

ബൈബിൾ കാര്യമാത്ര പ്രസക്തമായ ഒരു പുസ്തകമാണ്. അതിൽ വൈരുദ്ധ്യാത്മകമായ ഒന്നും ഇല്ല. അതിന്റെ ദൂത് സജീവവും എളുപ്പം മനസ്സിലാക്കാവുന്നതും ആകത്തക്കവിധം അതിന്റെ ഉള്ളടക്കം ഒത്തിണങ്ങിയ രീതിയിൽ ആണ്. ബൈബിളിന്റെ ഉപദേശങ്ങൾ അർത്ഥവത്തും സൽബുദ്ധി ഉള്ളവർക്ക് അതിന്റെ പ്രതിഫലനം നിഷേധിക്കാൻ ആവാത്തതുമാണ്.

തിരുവെഴുത്തുകളുടെ നേരായുള്ളതും ലളിതവുമായ ഉപദേശങ്ങൾക്കു പകരം ബൈബിൾ സത്യത്തിനു നിരക്കാത്ത ഉപദേശങ്ങൾ ആണ് സ്വർഗ്ഗത്തെകുറിച്ചും നരകത്തെക്കുറിച്ചും സാധാരണക്കാരുടെ ഇടയിൽ ഉള്ളത്. ഈ വിഷയത്തെക്കുറിച്ചുള്ള ബൈബിൾ സത്യം എന്തെന്ന് പരിശോധിക്കുവാനാണ് ഈ ചെറു പുസ്തകം ഉദ്യമിക്കുന്നത്. സ്വർഗ്ഗ, നരകങ്ങളെകുറിച്ചുള്ള സാധാരണ ചിന്താഗതി എന്താണ്? നന്മ ചെയ്ത് മരിച്ചു പോയവർ സ്വർഗ്ഗത്തിൽ ചെന്നെത്തി നിത്യ സന്തോഷത്തിൽ കഴിയുന്നു എന്നും ദുഷ്ടന്മാർ നരകത്തിൽ ചെന്ന് നിത്യമായി പീഡനം സഹിച്ചുകൊണ്ട് കെടാത്ത തീയിൽ കഴിയുന്നു എന്നുമാണ് സാധാരണ ക്രിസ്തീയ സമൂഹങ്ങൾ നുറ്റാണ്ടുകളായി വിശ്വസിച്ചിരിക്കുന്നത്.

ഈ അടുത്തകാലത്തായി അനേകമാളുകൾ നരകം എന്നുള്ള ആശയം തന്നെ നിരാകരിക്കുകയും, ഇത് ശരിയായ വേദപുസ്തക ഉപദേശം ആണോ എന്ന് തിരയുവാൻ ഉള്ള ആഗ്രഹംകൂടി ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. നിത്യനരകം എന്നുള്ള ആശയത്തോട് ഇപ്രകാരം പ്രതികരിക്കുന്നവർ സാർവ്വ ലൗകീകമായ ഒരു രക്ഷയെകുറിച്ച് പ്രത്യാശിക്കുകയും ഈ ജീവിതത്തിൽ എന്തു ചെയ്താലും അടുത്തതിൽ നിത്യ സന്തോഷം ലഭിക്കുമെന്ന് പ്രത്യാശിക്കുകയും ചെയ്യുന്നു. എന്നാൽ ഇത്തരത്തിൽ ചിന്തിക്കുന്നവരും



ഇങ്ങനെ നല്ലവർക്കും, ദുഷ്ടൻമാർക്കും ഒരേ പ്രതിഫലം ലഭിക്കും എന്ന് ചിന്തിക്കുന്നതിൽ അസംതൃപ്തരാണ്.

“എല്ലാവർക്കും സ്വർഗ്ഗം” എന്ന ആധുനീക ചിന്താഗതിയോ സ്വർഗ്ഗത്തിൽ ഭാഗ്യാവസ്ഥയും നരകത്തിൽ ശിക്ഷയും എന്ന പാരമ്പര്യ വിശ്വാസമോ ക്രിസ്റ്റാഡൽഫിയൻ അംഗങ്ങൾ അംഗീകരിക്കുന്നില്ല ‘സ്വർഗ്ഗവും’ ‘നരകവും’ ബൈബിളിൽ അനേക പ്രാവശ്യം പറഞ്ഞിട്ടുണ്ടെങ്കിലും അവ മനുഷ്യർക്ക് മരണശേഷം നിത്യമായി കഴിയാനുള്ള സ്ഥലങ്ങൾ ആണെന്ന് അവർ കരുതുന്നില്ല.

വേദപുസ്തകം വ്യാഖ്യാനിക്കുന്നതിൽ പലർക്കും വലിയ ഒരു തെറ്റ് സംഭവിച്ചിട്ടുണ്ട്, എന്നാലത് സ്വർഗ്ഗത്തെയോ, നരകത്തെയോ സംബന്ധിക്കുന്നതല്ല. എല്ലാ മനുഷ്യരും അമർത്ത്യമായ ഒരു ദേഹിയോടുകൂടിയാണ് ജനിക്കുന്നത് എന്നുള്ള ഉപദേശമാണത്. ഇതിനെ മനുഷ്യനിലെ “മരണമില്ലാത്ത സത്ത” എന്നോ, “ദിവ്യമായ വെളിച്ചം” എന്നോ, വ്യക്തിയുടെ ഉള്ളിലെ “യഥാർത്ഥ മനുഷ്യൻ” എന്നോ, “ആളത്തം” എന്നോ, “മനസാക്ഷി” എന്നോ, അങ്ങനെ പലവിധത്തിൽ വിളിക്കുന്നു. മനുഷ്യന്റെ ധാർമ്മീകത, മനസാക്ഷി, ഗ്രഹണ ശക്തി, വികാര ഭേദങ്ങൾ ഇവയെല്ലാം ഈ ദേഹിയോടാണ് ബന്ധപ്പെടുത്തിയിരിക്കുന്നത്. കാണപ്പെടുന്ന ഈ ദേഹം മരണത്തിനടിമയും ദ്രവിച്ചു പോകുന്നതും ആണെന്നും മരണ ശേഷം അത് പൊടിയായും, ചാരമായും മാറി പോകുന്നു എന്നും, സാധാരണ വിശ്വസിച്ചു വരുന്നു. എന്നാൽ ദേഹി എന്നത് അമർത്ത്യവും ദ്രവിച്ചു പോകാത്തതും അവസാനമില്ലാത്ത അനുഗ്രഹത്തിലോ കഷ്ടപ്പാടിലോ നിരന്തരമായി കഴിയുന്നു എന്നും ആണ് അനേകർ വിശ്വസിക്കുന്നത്.

അങ്ങനെ മേൽ പറഞ്ഞ ചിന്താഗതി വിശ്വസിച്ചാൽ മരണ ശേഷം ചെന്നു ചേരുവാനുള്ള ഒരു സ്ഥലം അനിവാര്യമാണെന്ന് വരുന്നു. എന്നാൽ മനുഷ്യന്റെ ഈ അവസ്ഥ തെറ്റാണെന്ന് വന്നാൽ സ്വർഗ്ഗ നരകങ്ങളെക്കുറിച്ചുള്ള ധാരണയും, വിശ്വാസവും തെറ്റാണെന്ന് സമ്മതിച്ചേ പറ്റു.

അതുകൊണ്ട് മനുഷ്യന്റെ പ്രകൃതി, ദേഹി, എന്നുള്ള വിഷയങ്ങളെ സ്സംബന്ധിച്ച് സത്യവേദ പുസ്തകം പരിശോധിച്ച് മനസ്സിലാക്കുകയും നീതിമാൻമാരുടെയും, ദുഷ്ടൻമാരുടേയും വിധി എന്താണെന്ന് വേദപുസ്തകത്തിന്റെ ഉപദേശം പരിശോധിച്ച് ഒരു തീരുമാനത്തിലെത്തുകയും ചെയ്യുകയാണ് വേണ്ടത്.

## ദേഹി

ഒന്നാമതായി "അമർത്യമായ ദേഹി" എന്നുള്ള ഒരു പഠിപ്പിക്കലോ ശൈലിയോ ബൈബിളിൽ ഒരിടത്തും കാണുന്നില്ല എന്നുള്ളത് പ്രഖ്യാപിക്കട്ടെ. അതേ സമയം ദൈവത്തെക്കുറിച്ച് "താൻ മാത്രം അമർത്യതയുള്ളവനും മനുഷ്യർക്കാർക്കും അടുത്തുകൂടാൻ പാടില്ലാത്ത വെളിച്ചത്തിൽ വസിക്കുന്നവനുമായി" (1 തിമോത്തി 6:16) എന്ന് നാം വായിക്കുന്നു ബൈബിളിൽ ദേഹി എന്ന വാക്ക് കൂടെക്കൂടെ നാം വായിക്കുന്നുണ്ടെങ്കിലും മരണശേഷം തുടർന്നു ജീവിക്കുന്നതും ശരീരത്തിൽ നിന്നും വേറിട്ടുള്ളതുമായ ഒരു സത്തയെകുറിച്ച് അത് പഠിപ്പിക്കുന്നില്ല.

മനുഷ്യ സൃഷ്ടിയെക്കുറിച്ചുള്ള വേദ ഭാഗം ദേഹിയെ സംബന്ധിച്ച് വളരെ വ്യക്തമായി പറയുന്നുണ്ട് "യഹോവയായ ദൈവം നിലത്തിലെ പൊടികൊണ്ട് മനുഷ്യനെ ഉണ്ടാക്കിയ ശേഷം അവന്റെ മൂക്കിൽ ജീവശ്വാസം ഊതി മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു." (ഉല്പത്തി. 2:7)

ദൈവം ഊതിയ ജീവ ശ്വാസത്താൽ ചേതനയുണ്ടായി പൊടിയിൽ നിന്ന് ഉണ്ടാക്കപ്പെട്ട മനുഷ്യനെ തന്നെയാണ് ജീവനുള്ള ദേഹി എന്ന് ഉല്പത്തി പുസ്തകത്തിൽ പറയുന്നത്. "നെഫേഷ്" എന്ന ഹീബ്രു പദത്തിന്. "ശ്വസിക്കുന്ന ജീവി" എന്നാണ് അർത്ഥം, ഈ വാക്ക് മനുഷ്യർക്ക് മാത്രമല്ല മൃഗങ്ങൾക്കും കൂടി ഉപയോഗിക്കുന്നു ഉദാ: "ചരിക്കുന്ന അതതുതരം ജീവജന്തുക്കൾക്കും" (ഉല്പത്തി 1:20) "ഭൂമിയിൽ ചരിക്കുന്ന സകല ഭൂചര ജന്തുക്കൾക്കും" (ഉല്പത്തി 1:28) "സകല ജീവ ജന്തുക്കൾക്കും." (ഉല്പത്തി 2:19)



തിരുവെഴുത്തിലെ മറ്റു ഭാഗങ്ങളിൽ മറ്റ് പല അർത്ഥത്തിൽ നെഫേഷ് എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ടെന്നുള്ളത് ശരിതന്നെ ഓതറൈസ്ഡ് വേർഷൻ എന്നപരിഭാഷയിൽ (King James Verson) ഈ പദം 530 പ്രാവശ്യം 'ദേഹി'യെന്ന് തർജ്ജിമ ചെയ്തിട്ടുണ്ട്, ജീവൻ എന്നോ, ജീവനുള്ള എന്നോ ഉള്ള അർത്ഥത്തിൽ 190 പ്രാവശ്യവും, ജന്തുക്കൾ എന്ന അർത്ഥത്തിൽ 28 പ്രാവശ്യവും തർജ്ജിമ ചെയ്തിട്ടുണ്ട്. വേറേ അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നതിൽ മനസ്സ്, ശരീരം, സ്വയം, ഹൃദയം എന്നൊക്കെയാണെങ്കിലും സജീവ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഈ വാക്കു കാണുന്നത്. ഒരിടത്തും ജീവന്റെ ദൈർഘ്യത്തെ കാണിക്കുന്നതിന് ഈ വാക്ക് ഉപയോഗിച്ചിട്ടില്ലാ. ഉപയോഗത്തിലുള്ളിടത്തെല്ലാം മരണത്തിന് അധീനമായ ജീവികളെകുറിച്ചേ നാം കാണുന്നുള്ളു.

"അവരുടെ പ്രാണനെ (Soul) മരണത്തിൽ നിന്നു വിടുവിക്കാതെ" (സങ്കീർത്തനം 78:50) "തന്റെ പ്രാണനെ (Soul) പാതാളത്തിന്റെ കൈയ്യിൽ നിന്ന് വിടുവിക്കുന്നവനും ആരുള്ളു?" (സങ്കീർത്തനം 89:48) "പാപം ചെയ്യുന്ന ദേഹി മരിക്കും." (യെഹെസ്ക്കേൽ 18:4)

ദേഹി മരണ സ്വഭാവമുള്ളതാണെന്നുള്ളതിന് ഇതിലും പ്രബലമായ ഉദാഹരണങ്ങൾ കാണിക്കേണ്ടയാവശ്യമില്ലല്ലോ.

## മരണാവസ്ഥ

'മരണം എന്നാൽ എന്ത്' എന്ന ചോദ്യം നമുക്കു മുമ്പിൽ അവശേഷിക്കുന്നു. ഉല്പത്തിപ്പുസ്തകത്തിന്റെ ആദ്യ അദ്ധ്യായങ്ങളിൽ മനുഷ്യ സൃഷ്ടിയെകുറിച്ചു മാത്രമല്ല അവന്റെ വീഴ്ചയെകുറിച്ചും; പാപവും, മരണവും ലോകത്തിൽ പ്രവേശിച്ചതിനെക്കുറിച്ചും നാം വായിക്കുന്നു.

"തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടംപോലെ തിന്നാം, എന്നാൽ നന്മ തിന്മകളെകുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്, തിന്നുന്ന നാളിൽ നീ

മരിക്കും,'' എന്ന് യഹോവയായ ദൈവം കല്പിച്ചു.'' (ഉല്പത്തി 2:16–17) ദൈവ കല്പനയോടുള്ള അനുസരണക്കേടാണ് മരണത്തെ വിളിച്ചു വരുത്തിയത്. ആദാമിന്റെ പാപത്തിനുള്ള ന്യായവിധി ദൈവം കല്പിച്ചപ്പോൾ മരണം എന്നാൽ എന്ത് എന്ന് ദൈവം അതിൽ വ്യക്തമാക്കി "നിലത്തുനിന്നു നിന്നെ എടുത്തിരിക്കുന്നു, അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും; നി പൊടിയാകുന്നു പൊടിയിൽ തിരികെ ചേരും.'' (ഉല്പത്തി. 3:19)

ഇവിടെ സൃഷ്ടിയിൽ നടന്ന കാര്യങ്ങളുടെ ഒരു തിരിച്ചു പോകൽ കാണുന്നുണ്ട്. [നിലത്തിലെപൊടി + ജീവശ്വാസം = ജീവനുള്ള ദേഹി ജീവനുള്ള ദേഹി – ജീവശ്വാസം = നിത്തിലെപൊടി.] സൃഷ്ടിയിൽ ദൈവം നിലത്തിലെ പൊടികൊണ്ട് മനുഷ്യനെ ഉണ്ടാക്കി അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ഒരു ശ്വസിക്കുന്ന ജീവനുള്ള ജീവിയായി തീർന്നു. അതേ പ്രകാരം മരണത്തിൽ ദൈവം തന്റെ മാത്രം നിയന്ത്രണത്തിലുള്ള ജീവൻ കൊടുക്കുന്ന ആ ശ്വാസത്തെ തിരിച്ചെടുക്കുമ്പോൾ ദേഹം മണ്ണിലേക്ക് തിരികെ ചേരുന്നു. (ഇയ്യോബ് 34:14–15, സഭാ പ്രസംഗി 12:7)

## പൂഴിക്ക് പൂഴി

ദൈവം തന്റെ ശക്തിയാൽ ആദാമിനെ സൃഷ്ടിക്കുന്നതിനു മുൻപ് ആദാം ഇല്ലായിരുന്നു എന്നുള്ളത് വാസ്തവമാണല്ലോ. മരണം സൃഷ്ടി കർമ്മത്തിന് നേരെ എതിരായിട്ടുള്ള ഒരു പ്രതിഭാസമാണെങ്കിൽ മനുഷ്യനായാലും, മൃഗമായാലും ശ്വാസം നിലച്ച് ദ്രവത്വത്തിലേക്ക് പോവുകയാണെല്ലോ ചെയ്യുന്നത്. അങ്ങനെയെങ്കിൽ പ്രകൃതിയിൽ മനുഷ്യനും മൃഗവും തമ്മിൽ വ്യത്യാസമില്ലല്ലോ.

"മനുഷ്യർക്ക് ഭവിക്കുന്നത് മൃഗങ്ങൾക്കും ഭവിക്കുന്നു രണ്ടിനും ഗതി ഒന്നുതന്നെ അതു മരിക്കുന്നതുപോലെ അവനും മരിക്കുന്നു രണ്ടിനും ശ്വാസം ഒന്നത്രേ, മനുഷ്യനു മൃഗത്തെക്കാൾ വിശേഷത



യില്ല, സകലവും മായയല്ലോ. എല്ലാം പൊടിയിൽ നിന്നും ഉണ്ടായി, എല്ലാം വീണ്ടും പൊടിയായി തീരുന്നു.'' (സഭാ പ്രസംഗി 3:10–20)

സങ്കീർത്തനക്കാരൻ എഴുതുന്നു. "യഹോവേ എന്റെ അവസാനത്തെയും എന്റെ ആയസ്സ് എത്ര എന്നതിനെയും എന്നെ അറിയിക്കേണമേ.'' (സങ്കീർത്തനം 4:5–13)

അതുകൊണ്ട് മരിച്ചു കഴിഞ്ഞാൽ നിലനില്ക്കുന്ന ഒരു ചേതനയില്ല, സ്വർഗ്ഗത്തിലോ നരകത്തിലോ ചെന്നെത്തുന്ന ഒരു ഭാഗവും ഇല്ല ദൈവത്തോട് വിശ്വസ്ഥനായിരുന്ന ഹിസ്ക്കിയാവ് രാജാവ് എഴുതുന്നത് നോക്കുക "പാതാളം നിന്നെ സ്തുതിക്കുന്നില്ലാ'' (യെശയ്യാവ് 38:18–19) സഭാപ്രസംഗിയുടെ പുസ്തകത്തിൽ ജ്ഞാനിയുടെ വാക്ക് ഇപ്രകാരം ആണ് "ജീവിച്ചിരിക്കുന്നവർ തങ്ങൾ മരിക്കും എന്നറിയുന്നു മരിച്ചവരോ ഒന്നും അറിയുന്നില്ല...''(സഭാപ്രസംഗി 9:5 –6–10)

ലളിതമായ ഭാഷയിൽ ഇത്ര വ്യക്തമായ ഉപദേശം ബൈബിളിൽ ഉള്ളപ്പോൾ ഇനി ഒരു വിശദീകരണത്തിന്റെ ആവശ്യം ഉണ്ടോ? മരിച്ചതിനു ശേഷം നരകത്തിലോ സ്വർഗ്ഗത്തിലോ തുടർന്ന് ജീവിക്കുന്ന മറ്റൊരു അവസ്ഥ മനുഷ്യനില്ലെന്നുള്ള സത്യത്തിലേക്ക് വേദപുസ്തകം വിരൽ ചൂണ്ടുന്നു.

നീതിമാൻമാർക്ക് ഒരു പ്രതിഫലമോ ദുഷ്ടന്മാർക്ക് ശിക്ഷാവിധിയോ ദൈവം കരുതിയിട്ടില്ല എന്നല്ല ഇതിന്റെ അർത്ഥം. മനുഷ്യർക്ക് ഉള്ള മരണാനന്തര പ്രതിഫലമോ ശിക്ഷയോ നാം മുൻപ് പ്രസ്താവിച്ച വിഷയങ്ങളുടെ യോജിപ്പിന് മാറ്റം വരുത്തുന്നില്ല. സ്വർഗ്ഗത്തേകുറിച്ചുള്ള തിരുവെഴുത്തുകളുടെ ഉപദേശം ജീവനേയും മരണത്തേയും സംബന്ധിച്ച് ബൈബിൾ തരുന്ന ധാരണയിൽ നമ്മെ ഉറപ്പിച്ച് മുമ്പോട്ട് കൊണ്ടു പോകുന്നു.

## സ്വർഗ്ഗം ദൈവത്തിന്റെ വാസസ്ഥലം

'സ്വർഗ്ഗം ദൈവത്തിന്റെ വാസസ്ഥലം ആണ്' ഈ പ്രസ്താവന തന്റെ ആത്മ ശക്തിയാൽ സർവ്വ വ്യാപി ആയിരിക്കുവാനുള്ള ദൈവത്തിന്റെ ശക്തിയെ പരിമിതപ്പെടുത്തുവാനല്ല; സർവ്വ വ്യാപിയായ ദൈവത്തേകുറിച്ച് സങ്കീർത്തനക്കാരൻ ധ്യാനിക്കുമ്പോൾ ഇപ്രകാരം എഴുതുന്നു, "നിന്റെ സന്നിധിവിട്ട് ഞാൻ എവിടെ പോകും..." (സങ്കീ. 139:7–12)

ശലോമോൻ ദേവാലയം പണിതപ്പോൾ മേൽപ്പറഞ്ഞ അതേ സത്യം ഏറ്റു പറയുന്നു. "എന്നാൽ ദൈവം യഥാർത്ഥമായി ഭൂമിയിൽ വസിക്കുമോ? സ്വർഗ്ഗത്തിലും സ്വർഗ്ഗാധി സ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലോ; പിന്നെ ഞാൻ പണിതിരിക്കുന്ന ഈ ആലയത്തിൽ അടങ്ങുന്നതു എങ്ങനെ." (1രാജ.8:27)

ദൈവത്തിന്റെ ആത്മാവ് പ്രപഞ്ചം മുഴുവൻ നിറഞ്ഞു നില്ക്കുന്നു എങ്കിലും അവിടുത്തേക്ക് ഒരു വാസസ്ഥലം ഉണ്ട് എന്ന സത്യം ബൈബിൾ എടുത്തുകാണിക്കുന്നുണ്ട്. ശലോമോൻ രാജാവ് ഇസ്രയേലിനു വേണ്ടി ദൈവത്തോട് അപേക്ഷിക്കുമ്പോൾ "അവർ ഈ സ്ഥലത്തേക്ക് തിരഞ്ഞു പ്രാത്ഥിക്കുമ്പോൾ..."
(1രാജാ 8:30–39–43)

## സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ്

ജ്ഞാനി ഇപ്രകാരം എഴുതുന്നു "അതിവേഗത്തിൽ ഒന്നും പറയരുത്; ദൈവസന്നിധിയിൽ ഒരു വാക്കു ഉച്ചരിക്കാൻ നിന്റെ ഹൃദയം ബദ്ധപ്പെടരുത്; ദൈവം സ്വർഗ്ഗത്തിലും നീ ഭൂമിയിലും അല്ലോ ആകയാൽ നിന്റെ വാക്കു ചുരുക്കമായിരിക്കട്ടെ." (സഭാപ്രസംഗി 5:2)

യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചപ്പോൾ ദൈവത്തെ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നാണ് സംബോധന ചെയ്തത് (മത്തായി 6:9) ദൈവത്തിന്റെ ഈ സ്വർഗ്ഗീയ വാസ സ്ഥലത്തെകുറിച്ച് "താൻ മാത്രം അമർത്യത ഉള്ളവനും



ആർക്കും അടുത്തുകൂടാത്ത പ്രകാശത്തിൽ വസിക്കുന്നവനും കാണാൻ കഴിയാത്തവനുമായ" (1തിമോത്തി 6:16) "സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗം ആകുന്നു ഭൂമിയെ അവൻ മനുഷ്യ പുത്രന്മാർക്ക് കൊടുത്തിരിക്കുന്നു" എന്നെഴുതിയിരിക്കുന്നു. (സങ്കീ. 115:16)

മനുഷ്യർക്ക് സ്വർഗ്ഗത്തിൽ, ദൈവ സന്നിധിയിൽ പ്രവേശനമില്ല എന്നാൽ കർത്താവായ യേശു, ദൈവത്തിന്റെ ഏക ജാതനായ പുത്രൻ, തന്റെ പുനരുദ്ധാനത്തിനുശേഷം "സ്വർഗ്ഗത്തിലേക്ക് കയറി ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരിക്കുന്നു" (മർക്കോസ് 16:19) "സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്ന മനുഷ്യ പുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല." (യോഹന്നാൻ 3:13)

## ഈ ഭൂമി മനുഷ്യന്റെ അവകാശം

സ്വർഗ്ഗം മനുഷ്യനു വേണ്ടിയുള്ളതല്ല: ഈ ജീവിതത്തിലും വരുവാനുള്ളതിലും ഭൂമിയാണ് അവന്റെ വാസസ്ഥലം "സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കും..." (സങ്കീ. 11,22,29) ഈ സങ്കീർത്തനത്തെ ഉദ്ധരിച്ചുകൊണ്ടാണ് യേശു മത്തായിയുടെ സുവിശേഷം 5 ാം അദ്ധ്യായം 5 ാം വാക്യത്തിൽ "സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും" എന്നു പറഞ്ഞത്. "അവിടുത്തെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ" എന്നു പ്രാർത്ഥിക്കുവാൻ യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു" (മത്തായി 6:10)

അപ്പോസ്തൊനായ യോഹന്നാൻ തന്റെ വെളിപ്പാടിൽ, "നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ട് സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും, ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കു വാങ്ങി, ഞങ്ങളുടെ ദൈവത്തിനു രാജ്യവും പുരോഹിതന്മാരും ആക്കിവെച്ചു അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ട് അവർ പാടുന്നു" (വെളിപ്പാട് 5:9–10) എന്ന് പാപത്തിൽ നിന്നും മരണത്തിൽ നിന്നും വീണ്ടെടുക്കപ്പെട്ടവരെക്കുറിച്ചു പാടുന്നു. അപ്രകാരം ഈ ഭൂമി മനുഷ്യന്റെ വാസസ്ഥലവും അവനായി ദൈവം

വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യ ഭവനവും ആണ്. ഈ അവകാശം എങ്ങനെ ലഭിക്കും എന്നുള്ളവിഷയം തത്ക്കാലം മാറ്റി വച്ചിട്ട് നരകത്തെ കുറിച്ചുള്ള ചില തെറ്റിദ്ധാരണകൾ മാറ്റുവാൻ ശ്രമിക്കാം.

## ശവക്കുഴിയാണ് നരകം

കിംഗ് ജെയിംസ് പരിഭാഷയിൽ പ്രധാനമായി മൂന്നു വാക്കുകൾ ആണ് നരകം (Hell) എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. പഴയനിയമം എഴുതിയ എബ്രായ ഭാഷയിൽ "ഷിയോൾ" എന്നും പുതിയ നിയമം എഴുതിയ ഗ്രീക്ക് ഭാഷയിൽ പാതാളം, നരകം എന്ന രണ്ടു പദങ്ങളുമാണ് നാം കാണുന്നത്. പാതാളം എന്നത് മരിച്ചു പോയവർ ചെന്നെത്തുന്ന, ഭൂമിക്ക് അടിയിൽ ഉള്ള സ്ഥലം. സാധാരണ ഭാഷയിൽ മനസ്സിലാക്കുമ്പോൾ ശവക്കുഴി എന്നാണത് 'ഓതറൈസ്ഡ് വേർഷൻ' എന്ന ഇംഗ്ലീഷ് തർജ്ജിമയിൽ 'ഷിയോൾ' എന്ന എബ്രായ പദം ശവക്കുഴി എന്നും നരകം എന്നും 31 പ്രാവശ്യം 'കുഴി' എന്നു മൂന്നു പ്രാവശ്യവും തർജ്ജിമ ചെയ്തിട്ടുണ്ട് അതുകൊണ്ട്. ഷിയോൾ എന്നു പറഞ്ഞാൽ ശവക്കുഴി അതായത് ശവ ശരീരങ്ങൾ മറവു ചെയ്യുന്ന സ്ഥലം എന്നാണ് അർത്ഥം 'ശവക്കുഴിയിൽ മരിച്ചവർ ഒന്നും അറിയുന്നില്ല... അവരുടെ സ്നേഹവും ദ്വേഷ്യം, അസൂയയും എല്ലാം നശിച്ച് പോയി.... അവിടെ അറിവോ ജ്ഞാനമോ ഒന്നും ഇല്ല.' (സഭാപ്രസംഗി 9:5–6–10)

"അവരെ പാതാളത്തിന്നു ആടുകളായി ഏല്പിച്ചിരിക്കുന്നു മൃത്യു അവരെ മേയിക്കുന്നു. നേരുള്ളവർ പുലർച്ചെക്കു അവരുടെ മേൽ വാഴും അവരുടെ രൂപം ഇല്ലാതെയാകും പാതാളം അവരുടെ പാർപ്പിടം." (സങ്കീ. 49:14)

ജീവിച്ചിരിക്കുമ്പോൾ മനുഷ്യരുടെ ഇടയിൽ കാണപ്പെടാത്ത തരത്തിലുള്ള ഒരുമയാണ് മരണവും ശവക്കുഴിയും നല്കുന്നത്. "അവിടെ ദുർജ്ജനം ഉപദ്രവിക്കാതെ ഇരിക്കുന്നു; ക്ഷീണിച്ചു പോയവർ വിശ്രമിക്കുന്നു, ബദ്ധന്മാർ ഒരുപോലെ സുഖമായിരിക്കുന്നു.



പീഢകന്റെ ശബ്ദം അവർ കേൾക്കാതിരിക്കുന്നു, ചെറിയവനും വലിയവനും അവിടെ ഒരു പോലെ; ദാസന് യജമാനന്റെ കീഴിൽ നിന്നും വിടുതൽ കിട്ടിയിരിക്കുന്നു." (ഇയ്യോബ് 3:17–19)

എബ്രായ ഭാഷയിലെ "ഷിയോളിനു" സമാനമായ ഗ്രീക്കു പദം ആണ് പുതിയ നിയമത്തിലെ 'പാതാളം' (ഹെയ്ഡിസ്) യേശുക്രിസ്തുവിന് 250 വർഷങ്ങൾക്കു മുൻപ് പഴയ നിയമം ഗ്രീക്കിലേക്ക് തർജ്ജിമ ചെയ്തവർ പാതാളം എന്ന വാക്ക് ശവക്കുഴി എന്ന അർത്ഥത്തിലാണ് എഴുതിയത്. പെന്തകേസ്തു നാളിൽ, സങ്കീർത്തനത്തിൽ നിന്നും ഹെയ്ഡിസ് (പാതാളം) എന്ന വാക്ക് ഉദ്ധരിച്ചു കൊണ്ട് യേശു ക്രിസ്തുവിന്റെ ശവക്കുഴിയിൽ നിന്നുള്ള ഉയർത്തെഴുന്നേൽപിനെ കുറിച്ച് പത്രോസ് പ്രസംഗിക്കുന്നതായി കാണുന്നു "നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല നിന്റെ പരിശുദ്ധനെ ദ്രവത്വം കാണ്മാൻ സമ്മതിക്കുകയുമില്ല. (അപ്പസ്തോ: പ്ര 2:27)

## നരകത്തീയ്

നരകം എന്നത് തർജ്ജിമ ചെയ്തിരിക്കുന്ന മൂന്നാമത്തെ വാക്ക് 'ഗഹന്നാ' എന്നാണ്. സുവിശേഷ ഭാഗങ്ങളിൽ എപ്പോഴും തീയുമായി ബന്ധപ്പെട്ട ഒരു സ്ഥലമായിട്ടാണ് ഇതു ചിത്രീകരിച്ചിരിക്കുന്നത്. മത്തായി എഴുതിയ സുവിശേഷത്തിൽ താഴെ പറയുന്ന ഭാഗങ്ങളിലാണ് ഇതു കാണുന്നത്. (മത്തായി 5:22–29–30. മത്തായി 10:28, 18:9, 23: 15–33.) ബൈബിളിൽ നരകത്തീയ് എന്നുള്ള പദം അഞ്ചോ, ആറോ, ഭാഗങ്ങളിൽ മാത്രമേ ഉള്ളു എന്നത് ശ്രദ്ധേയമാണ്. ഇനി ഒരു പ്രാവശ്യമേ ഉള്ളു എങ്കിലും അതിന്റെ അർത്ഥം ശ്രദ്ധാപൂർവ്വം മനസ്സിലാക്കേണ്ടതാണ്. നമ്മുടെ പഠനത്തിനായി ഒരു ഭാഗത്തിന്റെ വിശദീകരണം മറ്റെല്ലാ ഭാഗങ്ങൾക്കും ഒരു പോലെ പ്രയോഗികമാണ്. മർക്കോസിന്റെ സുവിശേഷം 9 ാം അദ്ധ്യായത്തിൽ നിന്നുള്ള വാക്കുകൾ ആണ് നാം തിരഞ്ഞെടുത്തിരിക്കുന്നത് (മത്തായി 18:8–9 വാക്യങ്ങൾക്ക് സമാന്തരഭാഗമാണിത്) ഗഹന്നായെകുറിച്ചുള്ള യേശു

ക്രിസ്തുവിന്റെ ഉപദേശത്തിന്റെ സുപ്രധനമായ ഒരു ഉദാഹരണമാണ് "നിന്റെ കൈ നിനക്ക് ഇടർച്ചവരുത്തിയാൽ അതിനെ വെട്ടികളയുക; ഊനനായി ജീവനിൽ കടക്കുന്നത് രണ്ടു കൈയ്യും ഉള്ളവനായി കെടാത്ത തീയായ നരകത്തിൽ പോകുന്നതിനേക്കാൾ നിനക്കു നല്ലത്... അവിടെ അവരുടെ പുഴുചാകുന്നില്ല തീ കെടുന്നതുമില്ല. (മർക്കോസ് 9:43–44)

പെട്ടെന്നുള്ള വായനയിൽ കെടാത്തതീയും ചാകാത്ത പുഴുവും ഭയങ്കരമായി തോന്നാം എന്നാൽ ഈ അദ്ധ്യായം ശരിയായി മനസ്സിലാക്കുമ്പോൾ അത്തരം ഒരു പ്രയാസത്തിനു കാരണം ഇല്ല.

ഗെഹന്നാ എന്നവാക്ക് ഗോ–ഹിന്നോം എന്ന എബ്രായ പദത്തിൽ നിന്നുണ്ടായതാണ്. ഇത് വാസ്തവത്തിൽ ഒരു സ്ഥലത്തിന്റെ പേരാണ്, ഹിന്നോം താഴ്വര എന്നാണ് ഇതിന്റെ അർത്ഥം. യരുശലേം നഗരത്തിന്റെ അരികിൽ ഉള്ളതും കുപ്രസിദ്ധവുമായ ഒരു സ്ഥലമാണിത്. വളരെ കാലങ്ങൾക്ക് മുൻപ് മുതൽ വിഗ്രഹാരാധനയും നീചമായ മറ്റ് പ്രവൃത്തികൾ മൂലവും യെഹൂദന്മാർ വെറുത്തിരുന്ന ഒരു താഴ്വര ആണ് ഇത്. യിരമ്യാ പ്രവചനം 7:31–33 വരെ നോക്കുക. യോശീയാവു രാജാവിന്റെ കാലത്ത് ഈ താഴ്വര ശുദ്ധിയാക്കുകയും വൃത്തികെട്ട ആരാധന സമ്പ്രദായങ്ങൾ നിരോധിക്കുകയും ചെയ്തതായി രാജക്കന്മാരുടെ രണ്ടാം പുസ്തകം 23 ന്റെ 10 ൽ എഴുതിയിട്ടുണ്ട്. എന്നാലും ഹിന്നോം താഴ്വരയുടെ ദുഷ്പേര് മാഞ്ഞുപോയില്ല. യരുശലേം നഗരത്തിലെ അഴുക്കുകളും ചപ്പു ചവറുകളും കത്തിക്കുന്നതിനായി ഈ താഴ്വര ഉപയോഗിക്കപ്പെട്ടു. പിന്നിട് മൃഗങ്ങളുടെ ശവ ശരീരങ്ങളും അവിടെ എറിയപ്പെട്ടു അവിടുത്തെ ദുർഗന്ധം ശമിപ്പിക്കുന്നതിന് എപ്പോഴും തീ കത്തിച്ചു കൊണ്ടിരിക്കുക പതിവായി, അങ്ങനെ മോശമായ മരണത്തിന്റെ പ്രതീകമായി ഗെഹെന്ന എന്ന ഹിന്നോം താഴ്വര.

ഇപ്പോൾ നമുക്ക് കെടാത്ത തീയേക്കുറിച്ചു വ്യക്തമായ ഒരു ധാരണ ഉണ്ടല്ലോ. അത് ദൈവീക ന്യായ വിധിയുടെ സ്വഭാവത്തെ



വിളിച്ചറിയിക്കുന്ന ഒരു പ്രതീകം ആണ്. ദൈവീക ന്യായവിധി തീർച്ചയായുള്ളതും മാറ്റമില്ലാത്തതുമാണ്. തന്റെ സ്നേഹത്തിനു പുറം തിരിയുന്ന ആളുകൾക്കുള്ള ശിക്ഷാവിധിയെ തടയുവാൻ ഒന്നിനും സാധ്യമല്ല എന്നർത്ഥം.

## നരകം; അന്ധ തമസ്സ്

നരകത്തെക്കുറിച്ചുള്ള വിഷയം നാം അവസാനിപ്പിക്കുന്നതിനു മുൻപായി പുതിയ നിയമത്തിലെ ഒരു പ്രത്യേക ഭാഗം പരിശേധിക്കുന്നത് നന്നായിരിക്കും "പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ (Tartarus) ചങ്ങലയിട്ട് നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കുകയും.... (2 പത്രോസ് 2:4)

ഗ്രീക്ക് പുരാണങ്ങളിൽ ദുഷ്ടന്മാരെ തള്ളികളയുന്നതിനായി അന്ധകാര പൂരിതമായ ഒരു അധോലേകത്തെക്കുറിച്ച് പ്രതി പാദിക്കുന്നുണ്ട്. എന്നാൽ ഈ വാക്ക് നാം മുൻപ് പ്രസ്താവിച്ച സത്യ വചനത്തിന്റെ പഠിപ്പിക്കലുമായി കൂട്ടിക്കുഴയ്ക്കുവാൻ പാടില്ല. പത്രോസ് അപ്പോസ്തലൻ പ്രത്യേക സാഹചര്യത്തോടുള്ള ബന്ധത്തിലാണ് ഈ വാക്ക് ഇവിടെ ഉപയോഗിക്കുന്നത്. "പാപം ചെയ്ത ദുതൻമാർ" എന്ന ആശയത്തെസ്സംബന്ധിച്ച് അല്പം ചിന്താകുഴപ്പം ഉണ്ട്, ചില ആളുകൾ കരുതുന്നത് മോശയ്ക്ക് എതിരായി മത്സരിച്ച കോരഹ്, ദാദാൻ, അബീരാം എന്നിവരെ കുറിച്ചാണെന്നാണ്. "ഭൂമി വായ് പിളർന്ന് അവരെ വിഴുങ്ങിക്കളഞ്ഞു അവർ ജീവനോടെ കുഴിയിലേക്ക് ഇറങ്ങിപോയി, അവർക്കു മീതെ ഭൂമി അടഞ്ഞു അവർ നശിച്ചുപോയി" എന്നാണ് നാം വായിക്കുന്നത്. (സംഖ്യാ. 16:31–33) അന്ധ തമസ്സ് എന്ന് പത്രോസ് പ്രതിപാദിക്കുന്ന വാക്കിനു മേൽ പറഞ്ഞ സംഭവം ഒരു മതിയായ വിശദീകരണം ആണ്.

## ദുഷ്ടന്മാരുടെ അവസാനം

നാം ഇതുവരെ പഠിച്ച കാര്യങ്ങൾ വച്ചുനോക്കുമ്പോൾ മരണശേഷം നിത്യമായി നരകിച്ചു, പീഢയേറ്റുകൊണ്ടുള്ള ഒരു

ജീവിതം ദുഷ്ടന്മാർക്ക് സാധ്യമല്ല ഇതിന് ഉപോൽ ബലകമായി അനേക ഭാഗങ്ങളിൽ ചിലത് മാത്രം ചുവടെ ചേർക്കുന്നു “എന്നാൽ ദുഷ്ടന്മാർ നശിച്ചുപോകും, യഹോവയുടെ ശത്രുക്കൾ പുൽപുറത്തിന്റെ ഭംഗി പോലെയേയുള്ളു; അവർ ക്ഷയിച്ചു പോകും, പുക പോലെ ക്ഷയിച്ചു പോകും” (സങ്കീ. 37:20) “അവൻ തന്റെ പിതാക്കന്മാരുടെ തലമുറയോട് ചെന്നു ചേരും അവർ ഒരു നാളും വെളിച്ചം കാണുകയില്ല മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേക ഹീനനായാൽ നശിച്ചു പോകുന്ന മൃഗങ്ങൾക്കു തുല്യനത്രേ” (സങ്കീ. 49:19–20) “എന്നാൽ ദുഷ്ടന്മാർ ദേശത്തു നിന്നു ഛേദിക്കപ്പെടും ദ്രോഹികൾ അതിൽ നിന്നു നിർമൂലമാകും” (സദൃശ്യവാക്യം. 2:22) “മരിച്ചവർ ജീവിക്കുന്നില്ലാ; മൃതന്മാർ എഴുന്നേൽക്കുന്നില്ല; അതിനായിട്ടല്ലോ, നീ അവരെ സന്ദർശിച്ചു സംഹരിക്കയും അവരുടെ ഓർമ്മയെ അശേഷം ഇല്ലാതാക്കകയും ചെയ്തത്.”(യെശയ്യാവ് 26:14)

“ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും തങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതുപോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയ വിഷയം ആകേണ്ടതിന്നും വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും.” (2 തെസ്സ. 1:9–10)

അതുകൊണ്ട് ദുഷ്ടന്മാരുടെ അവസാനം നിത്യമായ നാശം അല്ലെങ്കിൽ നിത്യ മരണം ആണ്, ജീവനുള്ളവരുടെ ദേശത്തുനിന്ന് എന്നന്നേക്കുമായി അവരെ ഛേദിച്ചുകളയും ജീവനേയും മരണത്തേയും സംബന്ധിച്ച വേദപുസ്തക വെളിച്ചത്തിൽ ഇത് ഏറ്റവും ശരിയായ കാഴ്ചപ്പാടാണ് “പാപത്തിന്റെ ശമ്പളം മരണം അത്രേ.” (റോമർ 6:23)

## നീതിമാന്മാരുടെ പ്രതിഫലം

നീതിമാന്മാർക്കുഉള്ള പ്രതിഫലം എന്താണ്,? അവരുടെ നിത്യ അവകാശം തിന്മകളെല്ലാം മാറി പൂർണ്ണത പ്രാപിച്ച ഒരു ഭൂമിയാ



ണെന്ന് നാം കണ്ടു കഴിഞ്ഞല്ലോ. അതേ സമയം എല്ലാമനുഷ്യരും സ്വാഭാവീകമായി മരണത്തിനടിമകളാണെന്നും മരണത്തിൽ അവർക്ക് ഓർമ്മയില്ലെന്നും നാം പഠിക്കുന്നു, തിരുവെഴുത്തുകൾ വിശ്വാസ്യ മാണെങ്കിൽ നീതിമാൻമാർക്ക് തങ്ങളുടെ പ്രതിഫലം പ്രാപിക്കുവാൻ ഒരു വഴി മാത്രമേയുള്ളു. മരിച്ച അവസ്ഥയിൽ നിന്ന് അവർ പുനരുദ്ധാനം ചെയ്ത് ജീവൻ പ്രാപിക്കണം. യെശയ്യ പ്രവചനം 26:14 അനുസരിച്ച് അവരുടെ മരണം നിത്യമാണ് അവർ ഇനി ഉയർക്കുകയില്ല അതേ അദ്ധ്യായത്തിൽ പ്രവാചകൻ നീതിമാന്മാരുടെ പ്രതിഫലവുമായി ദുഷ്ടന്മാരുടെ അവസാനത്തെ താരതമ്യം ചെയ്യുന്നു. “നിന്റെ മൃതന്മാർ ജീവിക്കും, എന്റെ ശവങ്ങൾ എഴുന്നേല്ക്കും പൊടിയിൽ കിടക്കുന്നവരേ ഉണർന്നു ഘോഷിക്കുവിൻ നിന്റെ മഞ്ഞ് പ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു. ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ.” (യെശയ്യാവ് 26:19)

ഇത് എപ്രകാരം ആണ് സാധിക്കുന്നത്? ദൈവം വാഗ്ദാനം ചെയ്ത രക്ഷ യേശു ക്രിസ്തുവിന്റെ പുനരുദ്ധാനത്തെ അനിവാര്യമാക്കി താൻ മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റതുപോലെ തന്നിൽ വിശ്വസിക്കുന്ന എല്ലാവർക്കും ഈ ഉയിർത്തെഴുന്നേല്പ് സാധ്യമാക്കി. അതുകൊണ്ട് “ഞാൻ തന്നെ പുനരുദ്ധാനവും ജീവനും ആകുന്നു എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും” (യോഹന്നാൽ 11:25) എന്ന് യേശു പറഞ്ഞു വേറൊരു സന്ദർഭത്തിൽ “കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേൾക്കും. നന്മചെയ്തവർ ജീവനായി കൊണ്ടും തിന്മ ചെയ്തവർ നിത്യനാശത്തിനായിക്കൊണ്ടും ഉയർത്തെഴുന്നേൽക്കുന്ന നാഴിക വരുന്നു, ഇപ്പോൾ വന്നുമിരിക്കുന്നു” (യോഹന്നാൻ 5:28–29) എന്നു പറഞ്ഞു.

അപ്പോസ്തലനായ പൗലോസ് കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം മരിച്ചവരുടെ പുനരുദ്ധാനത്തെ സ്സംബന്ധിച്ച് ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്ര ബിന്ദു എന്ന നിലയിൽ സുദീർഘമായ ഒരു

വിവരണം തരുന്നുണ്ട് എന്നാൽ ഇത് സംശയിച്ച ചിലരെ വെല്ലുവിളിച്ചു കൊണ്ട് ഇപ്രകാരം പറയുന്നു "ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റു എന്നു പ്രസംഗിച്ചുവരുന്ന അവസ്ഥക്കു മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്നു നിങ്ങളിൽ ചിലർ പറയുന്നതും എങ്ങനെ? മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തുവും ഉയിർത്തെഴുന്നേറ്റിട്ടില്ല. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. മരിച്ചവർ ഉയിർക്കില്ലാ എന്നു വരികിൽ ദൈവം ഉയിർപ്പിച്ചിട്ടില്ലാത്ത ക്രസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്നു ദൈവത്തിന്നു വിരോധമായി സാക്ഷ്യം പറകയാൽ ഞങ്ങൾ ദൈവത്തിന്നു കള്ളസ്സാക്ഷികൾ എന്നു വരും. മരിച്ചവർ ഉയിർക്കുന്നില്ലാ എങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല. ക്രിസ്തു ഉയിർത്തിട്ടില്ലാ എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു."(കൊരിന്ത്യർ 15:12–18)

## മരിച്ചവരുടെ പുനരുദ്ധാനം

മരിച്ചവർക്ക് പുനരുദ്ധാനം ഇല്ലെങ്കിൽ നമുക്കൊരു പ്രത്യാശയ്ക്ക് വകയില്ല. എന്നാൽ അപ്പോസ്തലന്മാരുടെ ഉപദേശത്തിൽ "എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർത്തിരിക്കുന്നു. മനുഷ്യൻമൂലം മരണം ഉണ്ടാകുകയാൽ മരിച്ചവരുടെ പുനരുദ്ധാനവും മനുഷ്യൻമൂലം ഉണ്ടായി ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും ഓരോരുത്തരും താന്താന്റെ നിരയിലത്രേ, ആദ്യ ഫലം ക്രിസ്തു, പിന്നെ ക്രിസ്തു വിനുള്ളവർ അവന്റെ വരവിങ്കൽ." (1കൊരി 15:20–23)

ഇതിനെക്കാൾ തെളിവായി എങ്ങനെയാണ് അപ്പോസ്തൊലൻ പറയുക? മരണാനന്തര ജീവിതം ഒരു പുനരുദ്ധാനത്തിൽകൂടി മാത്രമേ സാധ്യമാവുകയുള്ളു, യേശു ക്രിസ്തു വലിയൊരു കൂട്ടത്തിന്റെ ആദ്യനാണ്. താൻ തിരികെ ഭൂമിയിൽ വരുമ്പോൾ മരിച്ചവരിൽ നിന്ന് പുനരുദ്ധാരണം ചെയ്യുന്ന വിശ്വാസികളുടെ യെല്ലാം



ആദ്യഫലം ആണ് ക്രിസ്തു. ഈ സത്യമാണ് നമ്മുടെ പ്രത്യാശയുടെ താക്കോൽ, അധികാരത്തിനു വേണ്ടിയുള്ള ദുഷ്ട മനുഷ്യരുടെ പരക്കം പാച്ചിലും, മത്സരങ്ങളും ദിനം തോറും കാണുന്ന നമുക്ക് 'സൗമ്യതയുള്ളവർ ഭൂമിയെ അവകാശമാക്കുക' എന്ന ആശയം ഭാവന ചെയ്യുവാൻ വിഷമമുണ്ട്. എങ്കിലും, മനുഷ്യന്റെ സാമ്രാജ്യങ്ങളെ തകിടം മറിക്കുവാനും ദൈവത്തിന്റെ സാമ്രാജ്യം (ഭരണം) ഭൂമിയിൽ സ്ഥാപിതമാക്കുവാനും ആയിട്ടുള്ള യേശു ക്രിസ്തുവിന്റെ മടങ്ങി വരവ് ഭൂമിയെക്കുറിച്ചുള്ള ദൈവീക പദ്ധതിയുടെ കേന്ദ്ര ആശയം ആണ്. അന്ന് നീതിയിൽ അധ്യഷ്ടിതമായ ഒരു സാമൂഹിക വ്യവസ്ഥിതി നിലവിൽ വരുത്തുകയും യേശു താൻ എന്നേക്കും ഭരണം നടത്തുകയും ചെയ്യും. (മത്തായി 6:10, വെളിപ്പാട് 11:15, 2തെസ്സലോനിയർ 1:7–10, ദാനിയേൽ 2:44, മീഖാ 4:1–5)

## ന്യായവിധി

രണ്ടു വിധത്തിൽ ഉള്ള ആളുകളെകുറിച്ചു വിശുദ്ധ വേദപുസ്തകം പ്രതിപാദിക്കുന്നു. ഒരു കൂട്ടർ മരണമാകുന്ന നിദ്രയിൽ നിന്ന് അവസാന നാളിൽ ഉയിർക്കപ്പെടേണ്ടവരാണ്. ദാനിയേൽ 12:2 ഇപ്രകാരം പറയുന്നു. "നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും ചിലർ നിത്യ ജീവന്നായും ചിലർ ലജ്ജക്കും നിത്യനിന്ദെക്കുമായും ഉണരും". ഇപ്രകാരം നിത്യജീവൻ പ്രാപിക്കേണ്ടവരും ലജ്ജയ്ക്കും നാശത്തിനുമായി ഉയിർക്കപ്പെടുന്നവരും എങ്കിലും മനുഷ്യകുലത്തെ മുഴുവൻ മൂന്ന് വ്യത്യസ്ഥ ഗ്രൂപ്പികളായി തിരിക്കാം.

ഒന്ന്, ദൈവത്തെ കുറിച്ചോ അവിടുത്തെ പദ്ധതികളെ കുറിച്ചോ ഒന്നും അറിയാതെ ജീവിച്ച് മരിച്ചുപോയവർ അവർക്ക് പ്രത്യേകാൽ ദൈവത്തോട് ഉത്തരവാദിത്വം ഇല്ല; അവർ ഉയിർത്തെഴുന്നേൽക്കുന്നില്ലാ. "മാനത്തോടെ ഇരിക്കുന്ന മനുഷ്യൻ വിവേക ഹീനൻ ആയാൽ (അറിവില്ലാത്തവനായി മരിച്ചു പോയാൽ) നശിച്ചു

പോകുന്ന മൃഗങ്ങൾക്കു തുല്യൻ.'' (സങ്കിർത്തനം 49:20) ''നിലത്തെ പൊടിയിൽ നിദ്രകൊള്ളുന്നവർ അനേകർ ഉയിർത്തെഴുന്നേൽക്കും'' എന്ന് ദാനിയേൽ പ്രവാചകൻ എഴുതിയിരിക്കുന്നത് മേൽ പറഞ്ഞ വാക്യത്തോട് നന്നായി ചേരും, നിദ്ര കൊള്ളുന്നവർ എല്ലാവരും അല്ല, നിദ്രകൊള്ളുന്നവരിൽ അനേകർ എന്നാണ് നാം വായിക്കുന്നത്. രണ്ടാമത്തെ ഗ്രൂപ്പ്, ദൈവത്തെ അറിയുകയും തന്നോടുള്ള ഉത്തര വാദിത്വത്തെ കുറിച്ച് ബോധവാന്മാർ ആയിരിക്കുകയും ചെയ്തിട്ട് തങ്ങളുടെ ജീവിതത്തിൽ വിശ്വസ്തത പാലിക്കാത്തവർ ആണ്. ഓരോരുത്തരും താന്താന്റെ പ്രവൃത്തിക്ക് അനുസൃത്മായി ന്യായം വിധിക്കപ്പെടുമ്പോൾ ഇക്കൂട്ടർ ന്യായം വിധിക്കപ്പെടുന്നു. (വെളിപ്പാട് 22:12) ഇനിയും മൂന്നാമതൊരു ഗ്രൂപ്പ് തങ്ങളുടെ എല്ലാ പ്രത്യാശയുടെയും പൂർത്തികരണമായ നിത്യജീവനിലേക്കുള്ള ഉയിർത്തെഴുന്നേല്പിന് പങ്കാളികൾ ആയ വിശ്വസ്ഥരുടെ കൂട്ടം ആണ്. അവർ പുനരുദ്ധാനത്തിൽക്കൂടി മഹത്വകരമായ അമർത്യ ശരീരം പ്രാപിക്കുകയും കർത്താവായ യേശു ക്രിസ്തുവിനോടു കൂടെ രാജാക്കന്മാരും പുരോഹിതന്മാരുമായി ഭൂമിയുടെ മേൽ വാഴുകയും ചെയ്യും. (വെളിപ്പാട് 22:12)

## സംശയം ഉളവാക്കുന്ന ചില വേദഭാഗങ്ങൾ

ദേഹിയുടെ അമർത്യതയെ കുറിച്ചും നീതിമാന്മാരുടെ സ്വർഗ്ഗ പ്രാപ്തിയെകുറിച്ചും പാരമ്പര്യമായിട്ടുള്ള വിശ്വാസത്തെ പിൻതാങ്ങുന്നതായി തോന്നുന്ന വേദഭാഗങ്ങൾ തിരുവെഴുത്തുകളിൽ ഉണ്ടെന്ന് സമ്മതിച്ചേ പറ്റൂ. ഇതു വരേയും നമ്മൾ പരിശോധിച്ച ഉദാഹരണങ്ങൾക്ക് വിപരീതമായി തോന്നാവുന്ന ചില ഭാഗങ്ങൾ ഇനി നോക്കാം.

## സ്വർഗ്ഗ രാജ്യം

സുവിശേഷ ഭാഗങ്ങളിൽ മത്തായി എഴുതിയ സുവിശേഷത്തിൽ മാത്രമാണ് ഈ ശൈലി കാണുന്നത്. സ്വർഗ്ഗം എന്നവാക്ക് ഉപയോഗിച്ചിരിക്കുന്നതിനാൽ ഈ പ്രത്യേക രാജ്യം സ്വർഗ്ഗത്തിലാണ് എന്ന്



ആളുകൾ ചിന്തിക്കുന്നു. ''ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത്'' (മത്തായി 5:3) ''നിങ്ങൾ തിരിഞ്ഞ് ശിശുക്കളെ പോലെ ആയില്ലായെങ്കിൽ സ്വർഗ്ഗ രാജ്യത്തിൽ നിങ്ങൾക്ക് പ്രവേശനം ലഭിക്കുകയില്ല'' (മത്തായി 18:3) മേൽ പറഞ്ഞ ഭാഗങ്ങൾ നീതിമാന്മാരുടെ അവകാശം സ്വർഗ്ഗം അണ് എന്നതിന് തെളിവായി ഉപയോഗിക്കുന്നു. ശരിയായി ബൈബിൾ പഠിക്കുന്നതിൽ സമുക്ക് താല്പര്യം ഉണ്ടെങ്കിൽ കാര്യമായി പരിശോധിക്കുന്നതിനു മുൻപ് തീരുമാനങ്ങളിലേക്ക് എടുത്തു ചാടുവാൻ പാടില്ലാ. യഥാർത്ഥത്തിൽ സ്വർഗ്ഗ രാജ്യം എന്ന പദം മറ്റ് വേദ ഭാഗങ്ങളുമായി ഒത്തു നോക്കുമ്പോൾ സ്വർഗ്ഗത്തിൽ അല്ല ഭൂമിയിലാണെന്ന് മനസ്സിലാക്കാം യേശു തന്റെ ദൂത് അറിയിക്കുന്നതിനായി അനേക ഉപമകൾ മത്തായി എഴുതിയ സുവിശേഷം 13ാം അദ്ധ്യായത്തിൽ ഉപയോഗിച്ചിരിക്കുന്നതായി കാണാം അതിൽ പലതിലും സ്വർഗ്ഗ രാജ്യം ഇപ്രകാരം ആയിരിക്കും എന്നാണ് തുടങ്ങുന്നത് ഇങ്ങനെയാണെങ്കിലും മരണശേഷം ദേഹി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നു എന്നു ചിന്തിക്കുവാൻ മതിയായ കാര്യങ്ങൾ അത്തരം ഉപമകളിൽ ഇല്ല. കളകളുടെ ഉപമ തന്നെ നോക്കിയാൽ ''വയൽ ഈ ലോകം ആണ്...കൊയ്ത്ത് ലോകാവസാനത്തെ കാണിക്കുന്നു കളകൾ ശേഖരിച്ച് തീയിൽ ഇട്ട് ചുട്ടുകാളയുന്നതുപോലെ ലോകവസാനത്തിങ്കൽ ആകും. മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയച്ച് അവന്റെ രാജ്യത്തിനു കൊള്ളാത്തതെല്ലാം... അപ്പോൾ നീതിമാൻമാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെ പോലെ പ്രകാശിക്കും (മത്തായി 13:24–30,. 36–43) സ്വർഗ്ഗരാജ്യത്തിൽ ചീത്തയായ കാര്യങ്ങൾ ഉണ്ടായിരിക്കുവാൻ സാധിക്കുമോ?.

തന്റെ സ്വത്തുക്കൾ എല്ലാം വിറ്റു കളഞ്ഞതിന് ശേഷം യേശുവിനെ അനുഗമിക്കുവാൻ കഴിയാതിരുന്ന ധനികനായ യുവാവിനെ കുറിച്ച് യേശു പറഞ്ഞത് ഇങ്ങനെയാണ് ''ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് വിഷമം. ധനവാൻ സ്വർഗ്ഗ രാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം. (മത്തായി 19:23–24)

സ്വർഗ്ഗ രാജ്യവും ദൈവ രാജ്യവും ഒന്നുതന്നെ, ഇവരണ്ടും സമാന്തരമായ ശൈലികൾ ആണ്. സ്വർഗ്ഗ രാജ്യം എന്ന പ്രത്യേക പദം സുവിശേഷകനായ മത്തായി ഉപയോഗിക്കുന്നത് എന്തുകൊണ്ടാണ്? പഴയ നിയമത്തിലെ ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ നിന്നുള്ള ചില വാക്യങ്ങൾ ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. "ഈ രാജാക്കന്മാരുടെ കാലത്ത് സ്വർഗ്ഗത്തിലെ ദൈവം ഒരു നാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും" (ദാനിയേൽ 2:44) "....അവർകല്പിച്ചതോ **വാഴുന്നത് സ്വർഗ്ഗമാകുന്നു** എന്നു തിരുമനസ്സുകൊണ്ട് ഗ്രഹിച്ച ശേഷം രാജത്വം തിരുമേനിക്കു സ്ഥിരമാകും എന്നത്രേ". (ദാനിയേൽ 4:26) ബാബിലോണിയ രാജാവായ നെബുഖ്നേസർ പോലും ഇത് അംഗീകരിക്കുവാൻ നിർബന്ധിതനായി "ദൈവം സ്വർഗ്ഗീയ സൈന്യങ്ങളുടെ ഇടയിലും ഭൂവാസികളുടെ ഇടയിലും തന്റെ ഇഷ്ടം നിവർത്തിക്കുന്നു സ്വർഗ്ഗത്തിലെ ദൈവത്തിന് സ്തുതിയും, മഹത്വവും, ബഹുമാനവും ഉണ്ടാകട്ടെ" (ദാനിയേൽ 4:35–37) എന്ന് എഴുതിയിരിക്കുന്നു അതുകൊണ്ട് സ്വർഗ്ഗീയ ഭരണത്തിൻ കീഴിലുള്ള സ്ഥലത്തെ ആണ് സ്വർഗ്ഗ രാജ്യം എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത് അതുകൊണ്ടാണ് യേശു പഠിപ്പിച്ച പ്രാർത്ഥനയിൽ "നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകേണമേ" എന്ന് പ്രാർത്ഥിക്കുന്നത്. (മത്തായി 6:10)

## ധനവാന്റെയും ലാസറിന്റെയും കഥ (ലൂക്കോസ് 16)

അടുത്തതായി വേറൊരു ഉപമ നമുക്ക് പരിശോധിക്കാം ഇത് ഒരു യഥാർത്ഥ സംഭവം ആയിരുന്നില്ല, എന്നാൽ പരക്കെ വിശ്വസിച്ചിരുന്ന ഒരു ഉപമയാണ്. അതിൽ നീതിമാൻമാർ തങ്ങളുടെ മരണത്തിൽ അബ്രഹാമിന്റെ മടിയിലേക്ക് എടുക്കപ്പെടും, അവർ അവിടെ ആശ്വസിക്കപ്പെടും മറിച്ച് ദുഷ്ടന്മാർ നരകത്തിൽ പീഢ അനുഭവിക്കും എന്നാണ് സാരം. ദൈവത്തിന്റെ നീതി മനുഷ്യരുടെ ചിന്താഗതിയിൽ നിന്ന് വ്യത്യസ്ഥവും ചിലപ്പോൾ മാനുഷീക നിലവാരത്തിന് നേരെ എതിരു മായിരിക്കും എന്ന് കാണിക്കുന്നതിനാണ് ഈ



ഉപമ കാണിച്ചിരിക്കുന്നത്. അതുപോലെ തിരു വചനത്തിൽ എഴുതിയിരിക്കുന്നത് വിശ്വസിക്കുന്ന താണ് ദൈവത്തിന് പ്രസാദകരമായത് എന്നു സ്ഥാപിക്കുവാനും കൂടിയാണ് ഇത് എഴുതിയിരിക്കുന്നത്. ദൈവ വചനത്തിൽ വിശ്വസിക്കുവാൻ കഴിയുന്നില്ലെങ്കിൽ മറ്റൊന്നിലും അവർക്ക് വിശ്വസിക്കുവാൻ സാധ്യമല്ല. "അവർ മോശയെയും പ്രവചകന്മാരെയും ചെവിക്കൊള്ളുന്നില്ലെങ്കിൽ മരിച്ചവരിൽ നിന്ന് ഒരുവൻ ഉയിർത്തെഴുന്നേറ്റാൽ പോലും വിശ്വസിക്കുകയില്ല. (ലൂക്കോസ് 16:31)

മേൽപറഞ്ഞ ഉപമയുടെ വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ സ്വർഗ്ഗ, നരകങ്ങളെക്കുറിച്ചും അമർത്യതയെക്കുറിച്ചുമുള്ള സാധാരണ കാഴ്ചപ്പാടുമായി അത് യോജിക്കുന്നില്ല എന്ന് കാണാം, ധനവാനും, ലാസറും തങ്ങളുടെ വാസസ്ഥലത്ത് ഇരുന്നുകൊണ്ട് അന്യോന്യം കാണുവാനും സംസാരിക്കുവാനും കാര്യങ്ങൾ നിരീക്ഷിക്കുവാനും സാധിച്ചു. അവർ അമർത്യമായ ആത്മാക്കൾ അല്ലായിരുന്നു അവർക്ക് ശരീരവും, വിരലുകളും നാവുകളും ഒക്കെ ഉണ്ടായിരുന്നു. (24 ാം വാക്യം) എന്നതു ശ്രദ്ധിക്കുക. ചുരുക്കത്തിൽ ഒരു യഹൂദനായി ജനിച്ചാൽ ദൈവാനുഗ്രഹം സ്വഭാവികമായി വന്നു ചേരും എന്നു വിശ്വസിച്ചിരുന്ന സമ്പന്നരും ശക്തിമാന്മാരുമായ യഹൂദന്മാർക്കെതിരേയുള്ള ശക്തമായ ഒരു മുന്നറിയിപ്പായിരുന്നു ആ ഉപമ.

## കുരിശിലെ കള്ളൻ

### (ലൂക്കോസ് 26:39–43)

വിശ്വാസത്തെകുറിച്ച് ശക്തമായ ഉപദേശം നല്കുന്ന ഒരു ഉദാഹരണമാണ് യേശുവിനോട്കൂടെ ക്രൂശിക്കപ്പെട്ട ഒരു കള്ളന്റെ കഥ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടു മരണത്തെ മുഖാമുഖം കണ്ടുകൊണ്ട് യേശു ക്രിസ്തുവിനോട് കൂടി കുരിശിൽ കിടക്കുന്ന ഈ മനുഷ്യൻ ദൈവരാജ്യത്തിന്റെ സുവിശേഷത്തിൽ ഉള്ള തന്റെ വിശ്വാസം പ്രകടിപ്പിക്കുകയും യേശുവിന്റെ പുനരുദ്ധാനത്തിൽ

പ്രത്യാശവെച്ച് ക്രിസ്തുവിന്റെ വരവിങ്കൽ തന്റെ സ്വന്തം പുനരുദ്ധാരനത്തിനായിട്ടുള്ള ആഗ്രഹം പ്രകടിപ്പിക്കുകയുമാണ് ചെയ്തത്. അതിന് യേശു കൊടുത്ത മറുപടി "സത്യമായിട്ട് ഞാൻ നിന്നോട് ഇന്നു പറയുന്നു, നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും" 43ാം വാക്യം) ഈ വാഗ്ദാനത്തിന്റെ വാക്കുകളിൽ പ്രത്യേക ചിഹ്നങ്ങൾ ഒന്നും കൊടുത്തിട്ടില്ല എന്നുള്ളത് പ്രാധാന്യം അർഹിക്കുന്നു. മൂല ഭാഷയായ ഗ്രീക്കിൽ അപ്രകാരം ആയിരുന്നു എന്നതാണ് വാസ്തവം ഇംഗ്ലീഷ് പരിഭാഷയിൽ ആണ് അർത്ഥ വിരാമം മുതലായ ചിഹ്നങ്ങൾ ചേർത്തത് "ഇന്നു നീ എന്നോടുകൂടെ" എന്നതിനു പകരം ഇന്നു ഞാൻ നിന്നോടു പറയുന്നു എന്നു ചേർക്കുമ്പോൾ ആ വാഗ്ദാനത്തിന് ശക്തിയേറുകയാണ് ചെയ്യുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ "നിന്റെ അപേക്ഷ സാധിച്ചുതരും എന്നതിന് ഞാൻ ഇപ്പോൾ ഉറപ്പുതരുന്നു" എന്നാണിതിനർത്ഥം.

എന്താണെങ്കിലും അവർ രണ്ടു പേരും അന്നേ ദിവസം സ്വർഗ്ഗത്തിൽ ഒരുമിച്ചിരുന്നു എന്ന് ചിന്തിക്കുന്നത് മറ്റ് വേദ ഭാഗങ്ങളുമായി ഒരു വിധത്തിലും യോജിക്കുന്നില്ല. സങ്കീ. 16:16 ൽ യേശുവിന്റെ പ്രാണൻ അന്ന് പാതാളത്തിൽ ആയിരുന്നു (സ്വർഗ്ഗത്തിൽ അല്ല) എന്നും അവിടെ നിന്ന് മൂന്നാം ദിവസം ഉയിർക്കപ്പെട്ടു എന്നും നാം നേരത്തെ കണ്ടു കഴിഞ്ഞു. "നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല, നിന്റെ പരിശുദ്ധനെ ദ്രവത്വം കാണാൻ സമ്മതിക്കുകയുമില്ല."

ഇപ്രകാരം പരിശോധിക്കാവുന്ന മറ്റ് പല വേദ ഭാഗങ്ങളും നമുക്കുണ്ട്. ആകമാനം ഉള്ള വേദ പുസ്തക ഉപദേശങ്ങളുമായി മറ്റ് വിശദീകരണങ്ങൾ ഒന്നും യോജിക്കുകയില്ല എന്ന് കാണിക്കുന്നതിനുവേണ്ടി മാത്രം ഇതു ചേർത്തെന്നേയുള്ളു.



## പര്യവസാനം

മേൽപറഞ്ഞ ബൈബിൾ സത്യങ്ങളെക്കുറിച്ചുള്ള നമ്മുടെ പ്രതികരണം എന്താണ്? ബുദ്ധിപരമായി മനസ്സിലാക്കുവാൻവേണ്ടി മാത്രം എഴുതുപ്പെട്ടവയല്ല, മറിച്ച് നമ്മുടെ ജീവിതത്തെ ആകമാനം ബാധിക്കുന്ന ഒരു സത്യമാണിത്. മരണത്തെകുറിച്ചുള്ള സത്യാവസ്ഥ മനസ്സിലാക്കുന്നതിൽകൂടി ദൈവം നമുക്ക് നല്കിയ വിലയേറിയ അവസരം ആണ് ജീവിതം എന്ന് നാം മനസ്സിലാക്കണം. ഹിസ്ക്കിയാ രാജാവ് ഇപ്രകാരം എഴുതിയിരിക്കുന്നു.

"പാതാളം നിന്നെ സ്തുതിക്കുന്നില്ല; മരണം നിന്നെ വാഴ്ത്തുന്നില്ല; കുഴിയിൽ ഇറങ്ങുന്നവർ നിന്റെ വിശ്വസ്തതയെ പ്രത്യാശിക്കുന്നു മില്ല. ഞാൻ ഇന്നു ചെയ്യുന്നതു പോലെ ജീവനുള്ളവൻ, മാത്രം നിന്നെ സ്തുതിക്കും". (യെശയ്യാവ് 38:18–19)

ജീവനേയും മരണത്തേയും സംബന്ധിക്കുന്ന ഒരു പ്രധാന കാര്യം ആണ് നാം ഇവിടെ കണ്ടത്. നമ്മുടെ ഭാവി നിത്യത നമ്മുടെ ശരിയായ വിശ്വാസത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഒന്നുകിൽ അന്തിമമായ മരണം അല്ലെങ്കിൽ യേശു ക്രിസ്തുവിന്റെ വരവിങ്കൽ മഹത്വകരമായ നിത്യ ജീവനിലേക്കുള്ള ഉയിർത്തെഴുന്നേല്പ് !.

നമുക്ക് ദാനമായി കിട്ടിയിരിക്കുന്ന ശേഷിച്ച ഈ സമയത്ത് സുവിശേഷത്തിന്റെ ഈ പ്രത്യാശ സ്വീകരിക്കേണ്ടത് എത്രയോ അത്യാവശ്യമാണ് അല്ലെങ്കിൽ ഈ ലോകത്തിൽ പ്രത്യാശ ഇല്ലാതെ ദൈവത്തോട് ബന്ധമില്ലാത്തവനായി മരിക്കേണ്ടിവരും "അക്കാലത്ത് നിങ്ങൾ ക്രിസ്തവിനെ കൂടാതെയുള്ളവരും യിസ്രയേൽ പൌരതയോടു സംബന്ധിമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ". (എഫേസ്യ 2:12)

**ചോദ്യങ്ങൾ**

1. ജീവനുള്ള ദേഹി എന്നത് എന്താണ്
2. മരണത്തിൽ മനുഷ്യന് എന്തുസംഭവിക്കുന്നു?
3. മനുഷ്യന്റെ വാസസ്ഥലം എവിടെയാണ്?
4. നരകത്തെക്കുറിക്കുന്ന മറ്റു പദങ്ങൾ ഏതെല്ലാം?
5. ഗെഹെന്നാ എന്നാൽ എന്ത്? ഇത് നരകത്തീയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
6. നീതിമാന്മാർക്കുള്ള പ്രതിഫലം എന്ത്? ദുഷ്ടന്മാർക്കുള്ള പ്രതിഫലം എന്ത്?
7. സ്വർഗ്ഗരാജ്യം എന്നവാക്കിന്റെ അർത്ഥം എന്ത്?

**Back Cover Inner Page**